## പ്രതിജ്ഞ

രാഷ്ട്രപിതാവ് മഹാത്മാ ഗാന്ധിയുടെ രക്തസാക്ഷിദിനമായ ഇന്ന് ഞാൻ ദൃഢപ്രതിജ്ഞ ചെയ്യുന്നു. എന്റെ കുടുംബത്തിലോ സമീപവാസികളിലോ, സമൂഹത്തിലോ ഉള്ളവർക്ക് അവരുടെ തൊലിപ്പുറത്തു സ്പർശന ശേഷി കുറഞ്ഞതോ വേദന ഇല്ലാത്തതോ ആയ പാടുകൾ ഉള്ളതായോ കുഷ്ഠരോഗം മൂലമുള്ള വൈകല്യമുള്ളതായോ കണ്ടാൽ അടുത്തുള്ള സർക്കാർ ആശുപത്രിയിൽ പോയി ചികിത്സ സ്വീകരിക്കാൻ പ്രേരിപ്പിക്കും .

ഞാൻ അവരോടു വിവേചനം കാണിക്കാതെ എന്റെ കുടുംബത്തിലെ അംഗത്തെപോലെ സ്നേഹത്തോടും കരുതലോടും കൂടി ഔന്നത്യബോധത്തോടെ പരിചരിക്കുന്നതാണ്. കൂടാതെ കുഷ്ഠരോഗത്തെ കുറിച്ചുള്ള ബോധവൽക്കരണം സമൂഹത്തിൽ എത്തിക്കുവാൻ ശ്രമിക്കും. കുഷ്ഠരോഗം സുഖപ്പെടുത്തതാവുന്ന രോഗമാണെന്നും പ്രാരംഭത്തിലെ ചികിത്സ എടുത്താൽ വൈകല്യം ഒഴിവാക്കാൻ സാധിക്കുമെന്നും കുഷ്ഠരോഗം ബാധിച്ചവരോട് വിവേചനം കാണിക്കുകയില്ലയെന്നും ദൃഢ പ്രതിജ്ഞ എടുക്കുന്നു.

മഹാത്മാ ഗാന്ധിയുടെ സ്വപ്നമായ കുഷ്ഠരോഗ വിമുക്ത ഭാരതം എന്ന ലക്ഷ്യം സമീപ ഭാവിയിൽ തന്നെ നേടിയെടുക്കാൻ നമുക്ക് ഒരുമിച്ചു പ്രവർത്തിക്കാമെന്നു ഇന്ന് നമുക്ക് പ്രതിജ്ഞയെടുക്കാം.